No. CEE/2142/2010/TA IV/PGM 2011 Dated 10/5/2011

# വിജ്ഞാപനം

## സർവ്വീസിലുള്ള അപേക്ഷകർക്കായുള്ള പി ജി മെഡിക്കൽ കോഴ്സ് 2011 പ്രവേശന പരീക്ഷ - എസ്.ഇ.ബി.സി , എസ്.സി / എസ്.റ്റി , പി.ഡി സർട്ടിഫിക്കറ്റുകൾ മാർക്ക ് ഇളവിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്

G.O (Rt)No.1740/2011/H&FWD Dt.3/5/2011 എന്ന സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസിലുള്ള അപേക്ഷകർക്കുള്ള പി.ജി.മെഡിക്കൽ കോഴ്സ് പ്രവേശന പരീക്ഷ തിരുവനന്തപുരത്ത് വെച്ച് 29/5/2011 -ന് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്..

എസ്.സി./ എസ്.റ്റി വിഭാഗങ്ങളിൽ പെടുന്ന അപേക്ഷകർ ബന്ധപ്പെട്ട മേലധികാരി സർവ്വീസ് രേഖകൾ പരിശോധിച്ച് നൽകുന്ന, ജാതി കാണിക്കുന്ന സർട്ടിഫിക്കറ്റ് മാർക്കിളവ് ലഭിക്കാനായി സമർപ്പിക്കേണ്ടതാണ്. അതിനുള്ള ഫോർമാറ്റ് ' cee-kerala.org' എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

എസ്.ഇ.ബി.സി അപേക്ഷകർ മാർക്കിളവ് ലഭിക്കുന്നതിലേക്ക് ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്ന് വാങ്ങി സമർപ്പിക്കേണ്ടതാണ്. വാർഷിക കുടുംബ വരുമാനം 4.5 ലക്ഷം രൂപയിൽ കവിയുന്നവർക്ക് മാർക്കിളവിന് അർഹതയില്ല. പി.ജി കോഴ്സ് 2011- ന് വേണ്ടിയുള്ള സർക്കാർ അംഗീകൃത പ്രോസ്പെക്ടസിന്റെ 8-ാം അനുബന്ധത്തിലെ എസ്.ഇ.ബി,സി ലിസ്റ്റിൽപ്പെട്ട ജാതിയിൽപ്പെടുന്ന അപേക്ഷകരുടെ സർട്ടിഫിക്കറ്റ് മാത്രമേ പരിഗണിക്കുകയുള്ളൂ. പ്രസ്തുത ലിസ്റ്റിൽപ്പെടാത്ത ജാതിയിൽപ്പെടുന്ന അപേക്ഷകർ, റവന്യൂ അധികാരികളിൽ നിന്നും വാങ്ങിയ സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ ആയവ നിരസിക്കുന്നതാണ്. എസ്.സി / എസ്.റ്റി, എസ്.ഇ.ബി.സി വിഭാഗങ്ങളിൽപ്പെടുന്ന അപേക്ഷകർ പി.ജി. മെഡിക്കൽ കോഴ്സ് 2011 ലെ പ്രവേശനപരീക്ഷയിൽ യോഗ്യത നേടുവാൻ 40% മാർക്ക് നേടണം.മിശ്ര വിവാഹിതരായ എസ്.ഇ.ബി.സി വിഭാഗത്തിൽപ്പെടുന്നവരുടെ മക്കൾ മാർക്കിളവിനായി വെബ് സൈറ്റിൽ നൽകിയിട്ടുള്ള ഫോർമാറ്റിൽ വില്ലേജ് ആഫീസറുടെ പക്കൽ നിന്നും മിശ്രവിവാഹിത സർട്ടിഫിക്കറ്റ് വാങ്ങി ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

പി.ഡി വിഭാഗത്തിൽപെടുന്നവർ മാർക്കിളവിനായി അപേക്ഷിക്കുമ്പോൾ ജില്ലാ മെഡിക്കൽ ബോർഡിൽ നിന്നും മൂന്നുമാസത്തിനുള്ളിൽ ലഭ്യമായ സാക്ഷ്യപ്പെടുത്തിയ ഫിസിക്കൽ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. 40% മുതൽ 70% വരെ ചലനവൈകല്യമുള്ള പി.ഡി. അപേക്ഷകർക്ക് പ്രവേശനപരീക്ഷയിൽ യോഗ്യത നേടുവാൻ മിനിമം 45% മാർക്ക് ലഭിക്കേണ്ടതാണ്.

മേൽപ്പറഞ്ഞിട്ടുള്ള എല്ലാ സർട്ടിഫിക്കറ്റുകളും ആപ്ലിക്കേഷൻ നമ്പർ രേഖപ്പെടുത്തിയ ആമുഖ കത്തോടുകുടി പ്രവേശനപരീക്ഷാ കമ്മീഷണറുടെ ആഫീസിൽ 23/5/2011-ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**